**File No.TCPCTP/393/2020-C2**

**മുഖ്യനഗരാസൂത്രകയുടെ നടപടി ക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല, പെരിന്തൽമണ്ണ നഗരസഭ, പാതായ് ക്കര വില്ലേജ് -പെട്രോൾപമ്പ് നിർമ്മാണം- മാസ്റ്റർപ്ലാൻകൺകറൻസും,ലേ-ഔട്ട് അംഗീകാരവും നൽകിഉത്തരവാകുന്നു.

പരാമർശം:- 1. പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയുടെ 20.1.2020 - ലെ ബിഎ-501/19-20 നമ്പർ കത്ത്.

2. മലപ്പുറം ടൗൺ പ്ലാനറുടെ 11.2.2020 ലെ TCPMPM/122/2020-A3 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/393/2020-C2 തീയതി: **27/02/2020**

---

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭ പരിധിയിലുള്ള പാതായ് ക്കര വില്ലേജിൽ, റീ സർവ്വേ നമ്പർ 64/11-5 ൽ ഉൾപ്പെട്ട 4532 ച.മീ. സ്ഥലത്തിൽ പമ്പിനായി നീക്കിവെച്ചിട്ടുള്ള 1186 ച.മീ. സ്ഥലത്ത് 334.04 ച.മീ. വിസ്തീർണ്ണമുള്ള (canopy - 289.50 ച.മീ. + Sales Building - 44.54 ച.മീ) പെട്രോൾപമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ഗിരിഷ്ബാബു, ആലമ്പാടൻ ഹൗസ്, പഴമള്ളൂർ, മലപ്പുറം - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസും , കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം KMBR 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. നിർദ്ദിഷ്ട സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറംമ്പോക്ക ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച ഉറപ്പ വരുത്തേണ്ടതാണ്.
3. KMBR 2019 ചട്ടം 34 പ്രകാരമുള്ള സാനിറ്റേഷൻ സൗകര്യങ്ങൾ നൽകേണ്ടതാണ്.
4. വാഹനങ്ങൾ നേരിട്ട് റോഡ് carriage way ലേക്ക് കയറാതെ റോഡ് ഷോൾഡറിൽകൂടി carriage way ലേക്ക് പ്രവേശിക്കുന്നതിനായുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.
5. നിർദ്ദിഷ്ട പെട്രോൾ ഫില്ലിംഗ് സ്റ്റേഷനിലേക്ക് പ്രവേശിക്കുന്നതും പുറത്തേക്ക വരുന്നതുമായ വാഹനങ്ങൾ മുൻവശത്തെ റോഡിൽ കൂടിയുള്ള വാഹനഗതാഗതത്തെ ബാധിക്കുവാൻ പാടുള്ളതല്ല. ആയതിനാവശ്യമായ സ്ഥിരമായ വാഹന ഗതാഗത നിയന്ത്രണ സൗകര്യങ്ങൾ കെട്ടിട/പെട്രോൾ പമ്പ് ഉടമ ഒരുക്കേണ്ടതാണ്.

File No.TCPCTP/393/2020-C2

6. നിർദ്ദിഷ്ട സ്ഥലത്തുനിന്നും യാതൊരുവിധ മാലിന്യങ്ങളും സമീപ പ്രദേശങ്ങളിലേക്കോ ജലസ്രോതസ്സിലേക്കോ കലരുവാൻ പാടുള്ളതല്ല.

7. ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് മുമ്പായി അഗ്നി സുരക്ഷാ വകുപ്പിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും മറ്റു ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ നിർമ്മാണ സമയത്തും തുടർന്നും ആവശ്യമായ സുരക്ഷാ സൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 49/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

ഉള്ളടക്കം:- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
പെരിന്തൽമണ്ണ നഗരസഭ
മലപ്പുറം – 676322

പകർപ്പ്:-

1. ശ്രീ. ഗിരിഷ്ബാബു, ആലമ്പാടൻ ഹൗസ്, പഴമള്ളൂർ, മുണ്ടക്കോട്, മലപ്പുറം – 676506.
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Ba/26.2.20